ലക്കം 19

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## ഒരു വിധവയുടെ വഴിപാട്

(മർക്കൊസിന്റെ സുവിശേഷ 12:41–44 വരെയുള്ള വേദഭാഗം അടിസ്ഥാനമാക്കിയുള്ള ഒരു വിവരണമാണ് താഴെകൊടുത്തിരിക്കുന്നത്)

യേശു ദൈവാലയ മുറ്റത്ത് അല്പനേരം ഉലാവിക്കൊണ്ടിരുന്ന ശേഷം അവിടുന്ന് കൂടിവന്ന ജനങ്ങളെ ശ്രദ്ധിക്കുകയായിരുന്നു. തീർച്ചയായും, പലനിലയിലുള്ള വ്യത്യസ്തരായ ആളുകളുടെ ഒരു കൂട്ടം അവിടെയുണ്ടായിരുന്നു. കച്ചവടപ്രമുഖരും, സാധനങ്ങൾ വാങ്ങാനും, വില്ക്കാനും വന്നവരും, കന്നുകാലികച്ചവടക്കാർ തുടങ്ങിയ ധാരാളം ജനങ്ങളുണ്ടായിരുന്നു. പൊടി പാറുന്ന തെരുവീഥിയിലൂടെ വളരെ ദൂരം യാത്രചെയ്തുവരുന്ന യഹൂദന്മാർ പുരോഹിതന് വേണ്ടിയുള്ള യാഗകർമ്മാദികൾക്കായുള്ള ഒരുക്കങ്ങൾ നടത്തുന്നതിനുള്ള തിരക്കിലാണ്. പരീശന്മാർ ജനക്കൂട്ടത്തെ കണ്ട് അഹങ്കാരത്തോടുകൂടി ഉച്ചത്തിൽ തങ്ങളുടെ പെരുമ പറഞ്ഞുള്ള പ്രാർത്ഥന ആരംഭിച്ചു. സാധാരക്കാർ താഴ്മയോടുകൂടി ദേവാലയത്തിൽ ആരാധനയുടെ ഭാഗമായുള്ള യാഗവഴിപാടിൽ മുഴുകി.

യേശു ഈ ജനത്തിന്റെ പ്രവർത്തികളെ നോക്കിക്കൊണ്ടിരുന്നു. ഓരോ വ്യക്തിയുടെയും ബാഹ്യമായ കർമ്മങ്ങളെക്കാൾ ആന്തരിക അവസ്ഥയെ ആത്മാവിൽ തിരിച്ചറിഞ്ഞു. ഓരോരുത്തരുടെയും ഉദ്ദേശശുദ്ധിയെ അവൻ സസൂഷ്മം നിരീക്ഷിച്ചു. ചിലരിൽ താഴ്മയും മറ്റുചിലരിൽ അഹന്തയും കണ്ടു. ചിലരിൽ



സ്വയനീതീകരണവും ദുർമ്മോഹവും കണ്ടപ്പോൾ മറ്റുചിലരിൽ താഴ്മയുടെ ആത്മാവും മാനസാന്തരവും സ്വയം പരിത്യാഗത്തിന്റെ മനോഭാവവും കാണുവാനിടയായി.

ഒരു കാഹളം മുഴങ്ങി. യേശുവും അവിടെ കൂടിയിരുന്ന ജനങ്ങൾ ഒന്നടങ്കം ഞെട്ടിത്തിരിഞ്ഞുനോക്കി. അതാ ഒരു പരീശൻ ഭീമമായ ഒരു തുക ഭണ്ഡാരത്തിൽ ഇടുന്ന കാഴ്ചയാണ് കണ്ടത്. അവിടെ ജനങ്ങളുടെ വഴിപാട് ശേഖരിക്കുവാൻ ധാരാളം വഴിപാട് പെട്ടികളുണ്ടായിരുന്നു. ഇതിലേക്ക് ദാനം ചെയ്യുന്നവരുടെ മനോഭാവമായിരുന്നു യേശു ശ്രദ്ധിച്ചിരുന്നത്. ചിലർ ശാന്തമായും താഴ്മയോടുകൂടി അതു നിർവ്വഹിച്ചപ്പോൾ മറ്റുചിലർ മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിച്ചുകൊണ്ടാണത് ചെയ്തുപോന്നത്. ഒരു യൗവനക്കാരായ ഒരു കുടുംബം വന്ന് വഴിപാട് സംഭാവന ചെയ്തത് യേശു നിരീക്ഷിച്ചു. ഭംഗിയായി വസ്ത്രം ധരിച്ചിരുന്നവരും വന്ന് വലിയ തുകകൾ നിക്ഷേപിച്ചിരുന്നു.

യേശു നോക്കിനിൽക്കേ, തികെച്ചും ദരിദ്രയായ ഒരു വിധവ രണ്ട് കാശ് ആ വഴിപാട് പെട്ടിയിൽ ഇട്ടു. യഹൂദന്മാരുടെ ഇടയിൽ വളരെ ചെറിയ മൂല്യം മാത്രമേ അതിനുണ്ടായിരുന്നുള്ളു. അതു കണ്ട് യേശുവിന്റെ മുഖത്തു സ്നേഹത്തിന്റെയും


പത്രാധിപലേഖനം 3

ബൈബിൾ പഠനം: ബൈബിൾ അധിഷ്ഠിത ദശാംശവും ദാനവും 4

അനുബന്ധ ലേഖനം: ബൈബിൾ അധിഷ്ഠിത ദശാംശവും ദാനവും 5

ചോദ്യവും ഉത്തരവും 7

നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് 8

# ബൈബിൾ
## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

സഹതാപത്തിന്റെയും ലക്ഷണം പ്രകടമായി. പിതാവായ ദൈവത്തിന് ആ സ്ത്രീ തനിക്ക് ഉണ്ടായിരുന്നതു മുഴുവൻ സമർപ്പിക്കുകയായിരുന്നു. അന്നത്തെ അത്താഴത്തിനുള്ളതുപോലും ബാക്കി ഉണ്ടായിരുന്നില്ല. ഉള്ളതുമുഴുവൻ ആരാധനയുടെ ആത്മാവിൽ സ്നേഹത്താൽ നിറഞ്ഞവൾ സ്വയപരിത്യാഗത്തോടെ സംഭാവന ചെയ്യുകയായിരുന്നു.

യേശു തന്റെ ശിഷ്യന്മാരെ അരികിലേക്ക് വിളിച്ചു. അവരെ ഉപദേശിക്കുവാൻ തുടങ്ങി. “ഈ വിധവ മറ്റുള്ള എല്ലാവരേക്കാളും അധികം നൽകിയിരിക്കുന്നു” എന്നു പറഞ്ഞു. വളരെ അതിശയത്തോടെ തന്നെ നോക്കിനിന്ന ശിഷ്യഗണത്തോടായി യേശു ഇപ്രകാരം പറഞ്ഞു. “മറ്റുള്ളവർ അവരുടെ സമൃദ്ധിയിൽ നിന്നും കൊടുത്തു. എന്നാൽ ഈ സ്ത്രീയോ അവളുടെ ഇല്ലായ്മയിൽ നിന്നും തനിക്ക് ഉള്ളത് ഒക്കെയും തന്റെ ഉപജീവനം ഒക്കെയും കൊടുത്തു എന്നുപറഞ്ഞു”.

വളരെ ലളിതവും എന്നാൽ ശക്തിമത്തായതുമായ ഒരു ആത്മീയ സത്യമാണ് ഇന്നും യേശു നമ്മോട് അനുശാസിക്കുന്നത്. ധനവാന്മാരുടെ സമൃദ്ധിയേയും പാവപ്പെട്ടവരുടെ ഇല്ലായ്മയേയും ദൈവം എന്നും കാണുന്നവനാണ്. രഹസ്യമായും പരസ്യമായും ചെയ്യുന്ന പ്രവൃത്തികളെ അവൻ കാണുന്നുണ്ട്. നമ്മുടെ ദാനധർമ്മങ്ങളുടെ പിന്നിലുള്ള ഉദ്ദേശശുദ്ധിയെയും മനുഷ്യരുടെ പുകഴ്ചയ്ക്കു വേണ്ടിയോ പ്രത്യുത ദൈവമഹത്വത്തിനുവേണ്ടിയോ എന്നെല്ലാം ദൈവം സസൂക്ഷ്മം നിരീക്ഷിക്കുന്നു.

എന്തെങ്കിലും കൊടുക്കുന്നതിനെക്കാൾ തന്നെത്താൻ സമർപ്പിക്കുന്നതാണ് ദൈവം കൂടുതൽ വില കല്പിക്കുന്നത്. ദാരിദ്ര്യത്തിലും ദൈവത്തിന് കൊടുക്കുവാനുള്ള നല്ല മനോഭാവമാണ് അവൻ ആഗ്രഹിക്കുന്നത്.

വൻ തോതിലുള്ള പണം സംഭാവന ചെയ്യുന്നത് ഒരുപക്ഷെ ദൈവവേലയ്ക്ക് സഹായമാണെങ്കിലും, സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുവാൻ അതു പര്യാപ്തമല്ല. എന്നാൽ ത്യാഗമനോഭാവത്തോടുകൂടിയ സേവനമാണ് അതിന് കാരണമാകുന്നത്. ധാരാളം പണക്കാർ തങ്ങളുടെ സമൃദ്ധിയിൽ നിന്നും പണം കൊടുക്കുന്നു. പാവപ്പെട്ടവർ അവരുടെ ദാരിദ്ര്യം കാരണം കൊടുക്കുന്നില്ലായിരിക്കാം. ഈ വിധവയുടെ മനോഭാവമാണ് നമുക്ക് എല്ലാവർക്കും അനിവാര്യമെന്ന ആഹ്വാനമാണ് യേശു നൽകുന്നത്. ധനവാനായാലും ദരിദ്ര്യനായാലും ത്യാഗമനോഭാവത്തോടെ നൽകുക. നിങ്ങളുടെ സമൃദ്ധിയിൽ നിന്നല്ല പ്രത്യത ത്യാഗമനോഭാവത്തിൽ നിന്നത്രെ കൊടുക്കേണ്ടത്.

*- MWS*

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www.thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*മനുഷ്യന് ദൈവത്തെ തോല്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോല്പിക്കുന്നു.(മലാഖി 3:8)*

പ്രവാചകനായ മലാഖി, ജനത്തോട് ചോദിക്കുകയാണ്. ദൈവത്തെ മനുഷ്യന് തോല്പിക്കാമോ ദശാംശത്തിലും വഴിപാടിലും ദൈവത്തെ തോല്പിച്ചുകളയാൻ കഴിയുമെന്ന് പ്രവാചകൻ അറിയിക്കുന്നു. ഈ വേദഭാഗം മിക്ക പ്രസംഗകരും ദുരുപയോഗപ്പെടുത്തുകയും വികലമായി ചിത്രീകരിച്ചുകൊണ്ട് ജനങ്ങളുടെ പണം ഒരുതരം ഭീഷണി വാക്കുകളിലൂടെ സമ്മർദ്ദം ചെലുത്തി കൈവശപ്പെടുത്തുവാനാണ് ശ്രമിക്കുന്നത്. ഞാൻ സന്ദർശിച്ച ചില രാജ്യങ്ങളിൽ, സഭയിലെ വചനശുശ്രൂഷയിൽ പ്രധാനപ്പെട്ട വിഷയം ഇതുതന്നെ – ദശാംശം, ദശാംശം, ദശാംശം

നല്ല അടിസ്ഥാനത്തിൽ പണിതുറപ്പിക്കുക എന്ന കഴിഞ്ഞ ലക്കത്തിലെ പ്രതിപാദ്യവിഷയമായ രണ്ടു ഉടമ്പടികളുടെ തുടർച്ചയായി ചിന്തിക്കുവാനാണ് ഇപ്രാവശ്യവും ആഗ്രഹിക്കുന്നത്. പഴയ നിയമ ഉപദേശമായ ദശാംശത്തിന്റെ പ്രസക്തി നഷ്ടപ്പെടുത്തികൊണ്ടാണ് പുതിയ ഉടമ്പടിയായ ഔദാര്യദാനവും ഹൃദപൂർവ്വം നൽകുക എന്ന ഉപദേശം രൂപപ്പെട്ടിരിക്കുന്നത്. മനഃപൂർവ്വദാനധർമ്മങ്ങളിലൂടെ ജനം യഥാർത്ഥമായി അനുഗ്രഹിക്കപ്പെടണമെന്ന് ഞാൻ ആശിക്കുന്നു. കൊടുക്കുക എന്ന വിഷയം പഠിപ്പിക്കുവാൻ ശുശ്രൂഷകർക്ക് വളരെ വിഷമമാണ്. കാരണം ജനങ്ങൾ അവരെ മിക്കപ്പോഴും സ്വാർത്ഥന്മാരെന്ന് തെറ്റിദ്ധരിക്കാൻ സാധ്യതയുണ്ട്. ഇന്നത്തെ വിശ്വാസഗോളത്തിൽ ഇതു വളരെ ആവശ്യവും പ്രാധാന്യതയുമുള്ളതത്രെ.

ദശാംശത്തിന്റെ ബാധ്യത ഒന്നും നമുക്കില്ല എന്നാൽ കൊടുക്കുവാനുള്ള ഉത്തരവാദിത്വം നമ്മിൽ അവശേഷിക്കുന്നുണ്ട് താനും. ചില ആളുകൾ കൊടുക്കുവാൻ താല്പര്യമില്ലാത്തവരും വളരെക്കുറച്ച് മാത്രം കൊടുക്കുന്നവരുമാണ്. “സഹോദരന്മാരേ, നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കയാൽ ഈ സ്വാതന്ത്ര്യം ജഡത്തിന് അവസരമാക്കുക മാത്രം ചെയ്യാതെ സ്നേഹത്താൽ അന്യോന്യം സേവിക്കുവീൻ” (ഗലാത്യർ. 5:13) എന്നുള്ള പൗലൊസ് അപ്പൊസ്തലന്റെ ഉപദേശം ശ്രദ്ധേയം തന്നെ.

കർത്താവിന്റെ വേലയ്ക്ക് ധാരാളം ആവശ്യങ്ങളുണ്ട്. സ്ഥലപരിമിതി മൂലം ഓരോന്നായി വിവരിപ്പാൻ സാധ്യമല്ല. കർതൃശുശ്രൂഷയ്ക്ക് കൊടുക്കുന്നതിനെക്കുറിച്ച് ചുരുക്കമായി സൂചിപ്പിക്കാം. ഓരോ ഞായറാഴ്ചകളിലും നമ്മെ പരിപോഷിപ്പിക്കുന്ന – സഭാശുശ്രൂഷകന് കൊടുക്കുക എന്നതാണ് പ്രാരംഭചുമതല. സഭയുടെ ഒരു പ്രധാനപ്പെട്ട ഉത്തരവാദിത്വമാണത്.

സുവിശേഷകന്മാർക്കും മിഷനറിമാർക്കും സഭയല്ലാതെ അവരുടെ ആവശ്യങ്ങളെ നിറവേറ്റുവാൻ മറ്റൊരു കൂട്ടമില്ല. അവർക്ക് സ്വദേശത്തും വിദേശത്തുമായി ധാരാളം യാത്രചെയ്യുവാനും മറ്റുള്ളവരെപ്പോലെ ധാരാളം ഭാരിച്ച ചെലവുകളുമുണ്ട്. ഒരു നിശ്ചിതസമയത്തുള്ള സ്തോത്രകാഴ്ച സഹായകമാണെങ്കിലും തുടർച്ചയായുള്ള നിശ്ചിത വരുമാനം അവർക്കെന്നും ഒരു പിൻബലം തന്നെയാണ്. എന്നാൽ ഒരു ശുശ്രൂഷകന് വലിയ ഒരു തുക സംഭാവനയായി കിട്ടിയാലും അത് വിനിയോഗിക്കുമ്പോൾ ഏതുമില്ലാത്തതായി കൈകൾ ശൂന്യമാകുന്ന അവസ്ഥയിലേക്ക് എത്തിച്ചേർന്നേക്കാം, എന്നാൽ അത്തരം സന്ദർഭങ്ങളിൽ ദൈവത്തിന്റെ കരുതലും സഹായവും അവന് അധികമായി ലഭിക്കുവാൻ ഇടയാകും.

കൊടുക്കുന്നതു ഒരു അനുഗ്രഹം തന്നെയാണ്. ധനവാന്മാരെ മാത്രം ഉദ്ദേശിച്ചിട്ടുള്ള ഒന്നല്ലിത്. നമുക്കുള്ളത് തുച്ഛമോ, മെച്ചമോ എന്നതിനെക്കാൾ ഉപരി, ദൈവത്തിന് കൊടുക്കുക എന്നത് സന്തോഷത്തോടുകൂടിയും പൂർണ്ണമനസ്സോടെയും ചെയ്യേണ്ട ഒരു കടമയത്രെ. എനിക്കത് എന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയാൻ കഴിയും, ചെറിയ വിഷയത്തിൽപ്പോലും ദൈവത്തെ മാനിച്ചാൽ തീർച്ചയായും ദൈവം അതിന് പ്രതിഫലം തരും. അവൻ നമുക്ക് നൽകുന്നവനാണ്.

**മൈക്കിൾ ഡബ്ല്യു സ്മിത്ത്**

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org

**സഭയുടെ വരുമാനം വിനിയോഗിക്കൽ**

ശിഷ്യന്മാർ കർത്താവിന്റെ വചന ശുശ്രൂഷയിലും മറ്റും തിരക്കായിത്തീർന്നപ്പോൾ, “പരിശുദ്ധാത്മനിറവുള്ളവരും, ജ്ഞാനം നിറഞ്ഞവരും നല്ല സാക്ഷ്യമുള്ളവരുമായവരുടെ ഇടയിൽ നിന്നും ഏഴുപേരെ തെരഞ്ഞെടുത്തുകൊൾവീൻ” (അപ്പൊ.6:2–3) എന്ന ആലോചന അപ്പൊസ്തലന്മാർ നൽകിയിട്ടുണ്ടല്ലോ. വേദപുസ്തകാടിസ്ഥാനത്തിലുള്ള മൂപ്പൻ പദവി നൽകി ചിലരെ അപ്രകാരം തെരഞ്ഞെടുത്തു. അവർ സഭയുടെ മേൽനോട്ടം വഹിക്കുകയും സാമ്പത്തിക കാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്തുപോന്നു. വിശ്വാസ്യതയും സുതാര്യതയും വളരെ പ്രാധാന്യമുള്ളതു തന്നെ. സാധാരണ ഗതിയിൽ ശുശ്രൂഷകന്മാർ സഭയുടെ സമ്പത്തു കൈകാര്യം ചെയ്യുന്നത് ഭൂഷണമല്ല. ആര് കൂടുതൽ കൊടുക്കുന്നു. കുറച്ചു കൊടുക്കുന്നതാരെന്നെല്ലാം ശുശ്രൂഷകൻ അറിയാതിരിക്കുന്നതാണ് ബുദ്ധി. മറ്റുള്ളവരുടെ സ്വാധീനശക്തിയിൽ താൻ വീണുപോകാതെ ഇതു കാക്കും.

# ബൈബിൾ പഠന സഹായി

## വിഷയം : ബൈബിൾ അധിഷ്ഠിത ദശാംശവും ദാനവും



### അനുസരിക്കേണ്ട രീതിയും അതിനാലുള്ള പ്രതിഫലവും

***************

യേശു പറഞ്ഞു: "കൊടുപ്പീൻ എന്നാൽ നിങ്ങൾക്ക് കിട്ടും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്ക് അളന്ന് കിട്ടും. അമർത്തി കുലുക്കി കവിയുന്ന നല്ല ഒരു അളവ് അവൻ നിങ്ങൾക്ക് തരും. (ലൂക്കോസ് 6:38) ആദ്യ ഫലം ത്യാഗമനോഭാവത്തോടെ കൊടുക്കാൻ മടിക്കുന്ന പലരും അവർ ധാരാളം അനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തും.

ആവശ്യക്കാരായ ആളുകൾ, സുവിശേഷ വേലക്കാർ, എല്ലാവർക്കും സാമ്പത്തിക സഹായം ആവശ്യമുണ്ട്. ഞാൻ നിങ്ങളെ സ്നേഹിച്ചപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിപ്പീൻ ഇതാകുന്നു നിങ്ങളോടുള്ള എന്റെ കല്പന. (യോഹന്നാൻ 15:12) തീമൊഥെയോസിനോട് പൗലോസ് ഇപ്രകാരം ഉപദേശിക്കുന്നുണ്ട്. നന്മ ചെയ്യുവാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളേണ്ടതിന് വരും കാലത്തേക്ക് നല്ലൊരു അടിസ്ഥാനം നിക്ഷേപിച്ചുകൊള്ളുവാനും ആജ്ഞാപിക്കുക,

(I തീമൊ. 6:18-20)

**വായനഭാഗം:** "ഇങ്ങനെ പ്രയത്നം ചെയ്തു പ്രാപ്തിയില്ലാത്തവരെ സഹായിക്കുകയും വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് ഭാഗ്യം എന്ന് കർത്താവായ യേശു താൻ പറഞ്ഞ വാക്ക് ഓർത്തുകൊള്ളുകയും വേണമെന്ന് ഞാൻ എല്ലാംകൊണ്ടും നിങ്ങൾക്ക് ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു"- അപ്പൊ: 20:35

**രത്നചുരുക്കം :** ദശാംശം എന്നത് പഴയനിയമത്തിൽ കല്പനയായിരുന്നു. എന്നാൽ പുതിയനിയമത്തിൽ ഔദാര്യദാനമായും ത്യാഗമനോഭാവത്തോടുകൂടി, ഹൃദയപൂർവ്വം കൊടുക്കുവാനുള്ള ഒരു വ്യവസ്ഥയത്രെ.

**I. ന്യായപ്രമാണത്തിന് മുമ്പുണ്ടായിരുന്ന ദശാംശം**

A. ഉല്പത്തി. 14:17-20 മൽക്കിസദെക്കിന് അബ്രഹാം ദശാംശം നൽകുന്നു.

B. ഉല്പത്തി. 28:20-22 യാക്കോബ് ദൈവത്തോട് ദശാംശം വാഗ്ദത്തം ചെയ്യുന്നു.

**II. മോശെയുടെ ന്യായപ്രമാണത്തിൻ കീഴിലുള്ള ദശാംശം**

A. ലേവ്യ. 27:30-33 ദൈവം കല്പിച്ച കൃഷിവിഭവ ദശാംശം

B. സംഖ്യ 18:21-24 പത്തു ശതമാനമായ ലേവ്യരുടെ ദശാംശം

C. ആവർ. 14:22, 23 (12:6,7) രണ്ടാമത്തെ ദശാംശത്തെക്കുറിച്ചുള്ള കല്പന

D. ആവർ. 14:28,29 (26:12, 13) ദരിദ്രർക്കായുള്ള ദശാംശം

E. മലാഖി. 3:8-9 യിസ്രായേല്യർ ദൈവത്തെ മോഷ്ടിച്ചു.

**III. മോശെയുടെ ന്യായപ്രമാണത്തിന്റെ അപര്യാപ്തത**

(18-ാം ലക്കം കാണുക)

A. എബ്രായർ 8:6-13 പുതിയ ഉടമ്പടി സ്ഥാപിക്കപ്പെട്ടു.

B. മത്തായി 23:23 യേശു ദശാംശം മാത്രം ലക്ഷ്യമാക്കിയുള്ള നേതാക്കന്മാരെ യേശു ശാസിച്ചു.

C. റോമർ. 7:6 ന്യായപ്രമാണത്തിൽ നിന്നും വിടുവിക്കപ്പെട്ടു.

**IV. പുതിയ നിയമത്തിലെ ദാനം**

A. 2. കൊരി. 9: 6,7 സന്തോഷത്തോടെയും മനപ്പൂർവ്വമായുള്ള ദാനം സ്ഥാപിക്കപ്പെട്ടു.

B. യാക്കോബ്. 2:14-18 ശരിയായ വിശ്വാസത്തിന്റെ അവസ്ഥ

C. എഫെസ്യ. 4:28 ദാനം ചെയ്യാൻ ജോലി ചെയ്യുക.

**V. കൊടുക്കുന്ന കാര്യത്തിലുള്ള സ്വീകാര്യമായ മര്യാദ**

A. മത്തായി 6:1-4 രഹസ്യത്തിൽ

B 2. കൊരി.8:1-5 ത്യാഗമനോഭാവത്തോടുകൂടി ഉള്ളതു മുഴുവൻ (മർക്കൊ.12:41-44)

**VI. എത്ര കൊടുക്കണം?**

A. 2 കൊരി.9:7 ഹൃദയത്തിൽ നിശ്ചയിച്ചപോലെ

B. 1 കൊ.16:1,2 ദൈവം സമൃദ്ധി നൽകിയപോലെ

C. അപ്പൊ: 11:29 പ്രാപ്തിപോലെ

D. അപ്പൊ: 5:1-11 വ്യക്തിപരമായ തീരുമാനം പോലെ (വാക്യം 4)

**VII. ആവശ്യക്കാർക്ക് കൊടുക്കുക**

A. 1 തിമോത്തി 5:16 വിധവമാർക്ക്

B. യാക്കോബ് 1:27 അനാഥർക്ക്

C. റോമർ 15: 25, 26 പാവപ്പെട്ട വിശുദ്ധർക്ക് (അപ്പൊ. 11:27-29)

D. ഗലാത്യർ. 6: 9,10 വിശ്വാസ മന്ദിരം

E. യാക്കോബ് 2: 14-18 നഗ്നർക്കും, അഹോവൃത്തിക്ക് വകയില്ലാത്തവർക്കും.

**VIII. ദൈവവേലയ്ക്ക് കൊടുക്കുക**

A. 1 കൊരി. 7:9-14 മെതിക്കുന്ന കാളയ്ക്ക് മുഖകൊട്ട പാടില്ല

B. ഗലാത്യർ 6:6 ഉപദേഷ്ടാക്കന്മാരെ പിൻതാങ്ങുക

**IX. കൊടുക്കുന്നതിലുള്ള അനുഗ്രഹ ങ്ങൾ**

A. അപ്പൊ. 20:35 കൊടുക്കുന്നതിനാൽ കൂടുതൽ അനുഗ്രഹങ്ങൾ

B. ലൂക്കൊസ് 6:38 കൊടുപ്പീൻ എന്നാൽ നിങ്ങൾക്ക് കിട്ടും

C. ഫിലിപ്പിയർ 4:18 ദൈവപ്രീതിക്കായി

D. I തീമൊ. 6:18,19 നിത്യജീവനായി

**ഉപസംഹാരം**

സൗജന്യമായി നിങ്ങൾക്ക് ലഭിച്ചു. സൗജന്യമായി കൊടുപ്പീൻ

- മത്തായി 10:8b

# ബൈബിൾ അധിഷ്ഠിത ദശാംശവും ദാനവും

### ദശാംശത്തിന്റെ ചരിത്രം

ദശാംശം എന്ന പഴയ നിയമ ഉപദേശം സ്വതന്ത്ര മനഃസാക്ഷിയിലുള്ള മനഃപൂർവ്വ ദാനമായി നല്കുവാൻ കർത്താവ് പുതിയ നിയമത്തിൽ പുനരാവിഷ്ക്കരിച്ചിട്ടുണ്ട്. ഈ വിഷയത്തിന്റെ ചരിത്രവും, വചനം പഠിപ്പിക്കുന്നതും മനസ്സിലാക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

മോശെയുടെ ന്യായപ്രമാണത്തിനു മുൻപ് ദശാംശം നല്കിയതിന്റെ രണ്ട് ഉദാഹരണങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉല്പത്തി 14:17-20ൽ പുരോഹിതനും ശാലേം രാജാവുമായ മല്ക്കീസേദെക്കിന്, അബ്രഹാം ദശാംശം നല്കിയതായി പറയുന്നു. ആ ദശാംശം വരുമാനത്തിന്റെയോ വിളവുകളുടെയോ ആയിരുന്നില്ല, പകരം യുദ്ധത്തിൽ ജയിച്ചതിൽ നിന്നുള്ളതായിരുന്നു. ഉല്പത്തി 28:20-22ൽ യാക്കോബ്, ദൈവം അവനു നല്കുന്ന സകലത്തിലും ദശാംശം കൊടുക്കും എന്ന് സത്യം ചെയ്തു. ഈ രണ്ടു സന്ദർഭങ്ങളിലും ദൈവം കല്പിച്ചിട്ടല്ല, അവർ മനഃപൂർവ്വമായിട്ടാണ് ദശാംശം നല്കിയത്.




### മോശെയുടെ പ്രമാണം

മോശെയുടെ ന്യായപ്രമാണത്തിൽ ദശാംശം ദൈവം കല്പിച്ചിരുന്നു. ആധുനിക സഭകൾ പ്രതിനിധീകരിക്കുന്ന ദശാംശത്തിന്റെ രീതിയിൽ നിന്നും വിഭിന്നമായിരുന്നു പഴയ നിയമത്തിലെ വ്യവസ്ഥ. ലേവ്യ 27:30-32 പ്രകാരം വരുമാനത്തിനു പുറമെ മൃഗസമ്പത്തിൽ നിന്നും കൃഷിയിൽ നിന്നും ദശാംശം നല്കണമായിരുന്നു.

### പഴയ നിയമത്തിൽ ഒന്നിലധികം തവണ ദശാംശം

ദശാംശം പത്തിൽ ഒന്നിനെ പ്രതിനിധീകരിക്കുന്നു. എങ്കിലും അതിലും കൂടുതലായി നല്കേണ്ടിയിരുന്നു. ആയതിനാൽ ഒരു വ്യക്തി നല്കേണ്ടതായ പത്തു ശതമാനത്തേക്കാൾ കൂടുതൽ ഇന്ന് നല്കണം. മോശെയുടെ ന്യായപ്രമാണത്തിൽ ദശാംശ സംബന്ധമായ ചില അഭിപ്രായ വ്യത്യാസങ്ങൾ നിലനില്ക്കുന്നുണ്ടെങ്കിലും മോശെ കല്പിച്ച നിയമപ്രകാരം കുറഞ്ഞത് ഇരുപതു ശതമാനം എങ്കിലും വിവിധ തലങ്ങളിലായി നല്കണമായിരുന്നു.

### ലേവ്യരുടെ ദശാംശം

ജനങ്ങളുടെ മതപരമായ കാര്യങ്ങളെ നോക്കിയിരുന്നതിനാൽ ലേവ്യർക്ക് ദേശത്ത് അവകാശം ലഭിച്ചിരുന്നില്ല. യിസ്രായേലിലെ ദശാംശം അല്ലെങ്കിൽ ഉദർച്ചാർപ്പണം ലേവ്യർക്ക് അവരുടെ ജീവിത ആവശ്യങ്ങൾ നിറവേറ്റുവാൻ ശമ്പളമായി നല്കണമായിരുന്നു. "ലേവ്യർക്കു ഞാൻ സമാഗമന കൂടാരം സംബന്ധിച്ച് അവർ ചെയ്യുന്ന വേലയ്ക്ക് യിസ്രായേലിലുള്ള ദശാംശം എല്ലാം അവകാശമായി കൊടുത്തിരിക്കുന്നു" (സംഖ്യ 18:21). ലേവ്യർക്കും പുരോഹിതന്മാർക്കും അവരുടെ സേവനത്തിന്റെ പ്രതിഫലമായി ദശാംശം നല്കിയിരുന്നു.

### ആദ്യഫല ദശാംശം

എല്ലാ വിളകളിൽ നിന്നും ശേഖരിച്ചു വയ്ക്കുന്ന മറ്റൊരു ഭാഗം ദശാംശമായി ഉത്സവനാളുകളിൽ ദേവാലയത്തിൽ കൊണ്ടുചെല്ലണമായിരുന്നു. "ആണ്ടുതോറും നിലത്തു വിതച്ചുണ്ടാകുന്ന എല്ലാ വിളകളിലും ദശാംശം എടുത്തുവയ്ക്കണം. നിന്റെ ദൈവമായ യഹോവയെ എല്ലായ്പ്പോഴും ഭയപ്പെടുവാൻ പഠിക്കേണ്ടതിന് നിന്റെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിക്കുവാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്ത് നീ നിന്റെ ധാന്യത്തിന്റെയും വീഞ്ഞിന്റെയും എണ്ണയുടെയും ദശാംശവും നിന്റെ ആടുമാടുകളുടെ കടിഞ്ഞൂലുകളെയും അവന്റെ സന്നിധിയിൽവച്ചു തിന്നണം" (ആവർത്തനം 14:22-23). അത് നീയും നിന്റെ കുടുംബാംഗങ്ങളും വേലക്കാരും യഹോവയുടെ സന്നിധിയിൽവച്ച് തിന്നു സന്തോഷിക്കണം. വർഷത്തിൽ യരുശലേമിലേക്കുള്ള മൂന്നു യാത്രകളിൽ ഈ സന്തോഷാനുഭവം അവർക്ക് ലഭിച്ചിരുന്നു. സാധാരണയുള്ള ദശാംശത്തിനു പുറമെയാണ് ഈ വഴിപാട്.

### ദരിദ്രന്മാർക്കുള്ള ദശാംശം

ആവർത്തനം 14:28-29; 26:12-13 എന്നീ ഭാഗങ്ങളിൽ ദശാംശമായി മൂന്നാമത്തെ ഒരു ഭാഗം ദരിദ്രന്മാർക്കും മാറ്റിവയ്ക്കുവാൻ പറയുന്നു. ഇതു വർഷം തോറും അല്ല, മൂന്നു സംവത്സരത്തിൽ ഒരിക്കൽ ശേഖരിച്ച് അനാഥർക്കും പരദേശികൾക്കും വിധവമാർക്കും നല്കിയിരുന്നു. എന്നാൽ ചില പണ്ഡിതന്മാരുടെയും യഹൂദ റബ്ബിമാരുടെയും ഇടയിൽ മൂന്നാമത്തെ ഈ ദശാംശം രണ്ടാമത്തേതിനു പുറമെയാണോ അതോ ഉത്സവദശാംശത്തിൽ ഉൾപ്പെടുത്തിയോ ബേൽ സംവത്സരത്തിൽ മൂന്നാമത്തെയും ആറാമത്തെയും വർഷം നല്കിയാൽ മതിയെന്നും അഭിപ്രായപ്പെട്ടിരുന്നു. ലേവ്യരുടെ ദശാംശം ലേവ്യപട്ടണങ്ങളിലേക്കും, ആദ്യഫല ദശാംശം യെരുശലേമിലേക്കും മൂന്നാമത്തെ ദശാംശം അതതു പട്ടണങ്ങളിലും നല്കേണ്ടിയിരുന്നത് ശ്രദ്ധേയമാണ്. (ആവർത്തനം 26:12) ദരിദ്രന്മാർക്കുള്ള ദശാംശം നല്കുവാൻ കല്പിച്ചത് "യഹോവ നീ ചെയ്യുന്ന സകല പ്രവർത്തികളിലും നിന്നെ അനുഗ്രഹിക്കുന്നതിനായിരുന്നു (ആവർത്തനം 14:29)

സ്വമേധായുള്ള ദാനങ്ങൾക്കു പുറമെ വിള, കന്നുകാലി എന്നിവയും കൂടി ആകുമ്പോൾ ഏകദേശം 20% മുതൽ 23.3% വരെ കുറഞ്ഞത് ആകും. ഈ ദശാംശം നിർബന്ധമായും കർത്താവായ ദൈവം കൊടുക്കുവാൻ കല്പിച്ചവ ആയിരുന്നു. മലാഖി പ്രവചനത്തിൽ പ്രവാചകൻ ജനങ്ങളോട് ചോദിക്കുന്നത് "മനുഷ്യന് ദൈവത്തെ തോല്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോല്പിക്കുന്നു; എന്നാൽ നിങ്ങൾ ഏതിൽ ഞങ്ങൾ നിന്നെ തോല്പിക്കുന്നു എന്നു ചോദിക്കുന്നു? "ദശാംശത്തിലും വഴിപാടിലും തന്നെ" (മലാഖി 3:8–9). യിസ്രായേൽ ജനം മോശെയുടെ ന്യായപ്രമാണപ്രകാരം ദൈവത്തിന് അർഹമായിരുന്നത് മോഷ്ടിക്കുകയായിരുന്നു.

## പഴയനിയമ ഉടമ്പടി മാറ്റി സ്ഥാപിച്ചു

ഒരു സർക്കാരിനോ മതത്തിനോ നികുതി എന്നതുപോലെ മോശെയുടെ ന്യായപ്രമാണ പ്രകാരം ദശാംശം യിസ്രായേലിലെ സാമൂഹികവും മതപരവും രാഷ്ട്രപരവുമായ ആവശ്യങ്ങൾക്കുള്ള ദൈവീക വ്യവസ്ഥ ആയിരുന്നു. ദശാംശം പഴയ നിയമത്തിൽ ഉൾപ്പെടുന്ന ഒരു കല്പന ആണ് എന്നതിന് സംശയമില്ല, പുതിയ നിയമത്തിൽ ദശാംശത്തിനു വിപരീതമായി പഠിപ്പിക്കുന്ന അനേകം വ്യാജ ഉപദേഷ്ടാക്കന്മാർ ഉണ്ട്. യേശു ക്രിസ്തു വന്നപ്പോൾ ദൈവത്തിന്റെ ജനവുമായി ഒരു പുതിയ ഉടമ്പടി സ്ഥാപിച്ച് പഴയതു നീക്കിക്കളഞ്ഞു (എബ്രായർ 8:6–13), എട്ടാം വാക്യത്തിൽ വായിക്കുന്നത് "ഞാൻ യിസ്രായേൽ ഗൃഹത്തോടും യഹൂദാ ഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്ന കാലം വരുന്നു എന്ന് കർത്താവിന്റെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാരെ കൈയ്ക്കു പിടിച്ചു മിസ്രയീം ദേശത്തു നിന്നുകൊണ്ടു വന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമം പോലെ അല്ല; എന്നാണ്. ദശാംശം നല്കുന്ന നിയമ വ്യവസ്ഥ, ശബ്ബത്താചരണം, മൃഗബലി, ജഡിക ആരാധന മുതലായവ എല്ലാം നീക്കിക്കളഞ്ഞു.



ദശാംശം കൊടുക്കുന്നതിൽ വിശ്വസ്തരായിരിക്കുകയും എന്നാൽ അതിന്റെ പ്രാധാന്യത്തെ ത്യജിച്ചുകളയുകയും ചെയ്ത മതനേതാക്കന്മാരെ യേശു ശകാരിച്ചിട്ടുണ്ട് (മത്തായി 23:23; ലൂക്കൊ 11:42). യേശുവിന്റെ ശുശ്രൂഷാകാലത്തും യഹൂദന്മാർ ന്യായപ്രമാണത്തിന്റെ കീഴിൽ ആയിരുന്നതിനാലും രക്ഷയുടെ പദ്ധതി പൂർണ്ണമാകാതിരുന്നതിനാലും അവർ പെന്തക്കോസ്തുനാൾ വരെ ദശാംശം നല്കി വന്നിരുന്നു.

ക്രിസ്തുവിനോട് വ്യക്തിപരവും സ്വമേധയാലുമുള്ള ബന്ധത്തിൽ പഴയ നിയമത്തിലെ ചില തത്വങ്ങൾ പുനഃസ്ഥാപിക്കപ്പെടുകയും പലതും പൂർത്തീകരിക്കുകയും ചെയ്തു. യഥാർത്ഥ നീതി "നേടുന്നതിനു ഒക്കെയും പതാരം കൊടുക്കുന്നതിൽ അല്ല" (ലൂക്കൊ 18:12), പിന്നെയോ യേശുവിന്റെ രക്ഷിക്കുന്ന കൃപയിലാണ്. "ഇപ്പോഴോ നമ്മെ പിടിച്ചടക്കിയിരുന്ന ന്യായപ്രമാണം സംബന്ധിച്ച് മരിച്ചിരിക്ക കൊണ്ട് അക്ഷരത്തിന്റെ പഴക്കത്തിലല്ല ആത്മാവിന്റെ പുതുക്കത്തിൽ തന്നെ സേവിക്കേണ്ടതിനു നാം ന്യായപ്രമാണത്തിൽ നിന്ന് ഒഴിവുള്ളവരായിരിക്കുന്നു (റോമർ 7:6)

## പുതിയനിയമ ദാനം

നികുതി അടിസ്ഥാനമാക്കിയുള്ള ദശാംശ സമ്പ്രദായം പുതിയനിയമം പഠിപ്പിക്കുന്നില്ല. എങ്കിലും അതു നല്കുന്നതിനെക്കുറിച്ച് ധാരാളം കാര്യങ്ങൾ പറയുന്നുണ്ട്. ക്രിസ്ത്യാനിത്വം ദൈവത്തോട് സ്വമേധയാ ഉള്ള ബന്ധത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പുതിയ ഉടമ്പടി പ്രകാരം ദാനങ്ങളെ നല്കുന്നതിനെക്കുറിച്ച് പൗലൊസ് അപ്പൊസ്തലൻ, കൊരിന്തിലുള്ള വിശ്വാസികൾക്കു പഠിപ്പിച്ചു കൊടുക്കുന്നുണ്ട്." എന്നാൽ ലോഭമായി വിതയ്ക്കുന്നവൻ ലോഭമായികൊയ്യും; ധാരാളമായി വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും എന്ന് ഓർത്തുകൊള്ളുവിൻ. അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്; നിർബന്ധത്താലുമരുത്; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. (2 കൊരിന്ത്യർ 9: 6–7)

**ക്രിസ്ത്യാനിയുടെ കൈവശം ഉള്ളത് എല്ലാം കർത്താവിന് വേർതിരിക്കപ്പെട്ടത് ആയിരിക്കണം**

## നമ്മുടെ ഹിതത്തിൽ നിന്ന് സൗജന്യമായി നല്കുക

ദശാംശത്തിലും ഉപരിയായി കർത്താവിനു നല്കുന്ന വഴിപാടുകൾ "സ്വതന്ത്രമായ ഹിതത്തിൽ" നിന്നും നല്കണം. ആദം ക്ലാർക്കിന്റെ, അഭിപ്രായപ്രകാരം യഹൂദനു ആലയത്തിൽ വഴിപാടുകൾ അർപ്പിക്കുവാൻ രണ്ട് പെട്ടികൾ ഉണ്ടായിരുന്നു എന്നാണ്. നിയമപരമായി ആവശ്യപ്പെട്ടിരുന്ന ദശാംശം ഇടുന്ന പെട്ടിയും, അവരുടെ ഹൃദയത്തിൽ ദൈവത്തോടുള്ള അനുസരണമായി മനഃപൂർവ്വദാനങ്ങളെ നിക്ഷേപിക്കുന്ന രണ്ടാമത്തെ പെട്ടിയും. പുതിയ നിയമത്തിൽ പത്തോ ഇരുപതോ ശതമാനം കൊടുക്കണമെന്ന ദശാംശപെട്ടിയുടെ കല്പനയല്ല – ഹൃദയത്തിൽ നിരൂപിക്കുന്നതുപോലെ നല്കണം.

## കൊടുക്കുന്നതിനുള്ള നമ്മുടെ കടപ്പാട്

ദശാംശം നല്കുന്ന നിയമത്തിൽ നിന്നുള്ള സ്വാതന്ത്ര്യം അത് നല്കുന്നതിൽ നിന്ന് ആളുകളെ ഒഴിവാക്കുന്നില്ല. ക്രിസ്ത്യാനിയുടെ കൈവശം ഉള്ളത് എല്ലാം കർത്താവിന് വേർതിരിക്കപ്പെട്ടതായിരിക്കണം. കർത്താവിനു സമർപ്പിക്കുവാൻ ഒരു നിശ്ചിത ശതമാനം ഇല്ലെങ്കിലും ത്യാഗപൂർവ്വം ഉദാരമായി സന്തോഷത്തോടെ നല്കേണ്ടത് എപ്പോഴും ഉത്തരവാദിത്വമാണ്. സാമ്പത്തിക കാര്യങ്ങളിൽ തീരുമാനം എടുക്കുമ്പോൾ കർത്താവിന് കൊടുക്കുന്നതിനു ആയിരിക്കണം ആദ്യത്തെ പരിഗണന. മനഃപൂർവ്വദാനങ്ങൾ സുവിശേഷവേല, ശുശ്രൂഷകൾ, ദരിദ്രർ മുതലായതിന് പ്രയോജനപ്പെടും. "വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് ഭാഗ്യം" എന്നു കർത്താവായ യേശു ക്രിസ്തു പറഞ്ഞ വാക്കുകൾ (അ.പ്ര.20:35) നമുക്ക് ഓർക്കാം. ഹൃദയംഗമമായ ദാനങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കുന്നു (ഫിലിപ്പിയർ 4:18)

- MWS

# ചോദ്യവും ഉത്തരവും

## നല്കുന്നതിന് സ്വീകാര്യമായ ക്രിസ്തീയ മാനദണ്ഡം എന്താണ്?

"നീയോ ഭിക്ഷ കൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യമായിരിക്കേണ്ട തിന് വലംകൈ കൊടുക്കുന്നത് എന്തു എന്ന് ഇടംകൈ അറിയരുത്. (മത്തായി 6:1-4). ദൈവമക്കൾ കൊടുക്കുന്നതു അംഗീകാരത്തിനോ മനുഷ്യരുടെ പുകഴ്ച ലഭിക്കുന്നതിനോ ആയിരിക്കാതെ കഴിയുന്നത്ര രഹസ്യമായും താഴ്മയായും കർത്തവ്യമായും സ്നേഹത്തോടെ നല്കുക.

## കൂട്ടായ്മയിൽ ധനശേഖരണം നടത്തുന്നതു ഉചിതമാണോ? ആകുന്നു എങ്കിൽ എങ്ങനെ?

ഉചിതം എന്നു മാത്രമല്ല, ആളുകൾ വ്യവസ്ഥ ചെയ്തിരിക്കുന്ന വഴിപാടുകൾ കർത്താവിനു നല്കി ജനത്തിനു വേണ്ടി സ്വരൂപിക്കുന്നത് നല്ല മാർഗ്ഗമാണ്. പൗലൊസ് കൊരിന്തിലെ വിശ്വാസികളോട് ഉപദേശിക്കുന്നത് "വിശുദ്ധന്മാർക്കുവേണ്ടിയുള്ള ധർമ്മശേഖരണത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യസഭകളോട് ആജ്ഞാപിച്ചതുപോലെ നിങ്ങളും ചെയ്യുവിൻ. ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന് ആഴ്ചവട്ടത്തിൽ ഒന്നാം നാൾതോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതു ചരതിച്ച് തന്റെ പക്കൽ വച്ചുകൊള്ളേണം" (1 കൊരിന്ത്യർ 16:1-2). ആഴ്ചവട്ടത്തിന്റെ ഒന്നാംനാളായ ആരാധന ദിവസം തോറും അത് സ്വരൂപിക്കുവാൻ നിർദ്ദേശിച്ചു. ദാനങ്ങൾ നല്കുന്നത് ആരാധനയുടെയും സേവനത്തിന്റെയും കർത്താവിനോടുള്ള സ്നേഹത്തിന്റെയും ഭാഗം ആയതിനാൽ അത് ഉപേക്ഷിച്ചു കളയുവാൻ കഴിയുകയില്ല. മനഃപൂർവ്വദാനങ്ങൾ എങ്ങനെ സ്വരൂപിക്കണം എന്ന് വ്യക്തമായി തിരുവചനം നിർദ്ദേശിക്കുന്നില്ല. മനഃപൂർവ്വദാനങ്ങൾ ജനങ്ങൾക്ക് ഭാരമാകാതെയുള്ള ദാനങ്ങൾ ആയിരിക്കണം. ഒരു പെട്ടിപ്പിരിവ് ആയാലും പൊതുപ്പിരിവ് ആയാലും അധികാരികളിൽ നിന്നുള്ള പിടിവാശി ഉണ്ടാകുവാൻ പാടില്ല എന്നത് പ്രധാനമാണ്. സ്വകാര്യതയും സ്വാതന്ത്ര്യവും ഉണ്ടായിരിക്കണം. ചില കൂട്ടായ്മകൾ ധനശേഖരണത്തിന് നടത്തുന്ന ലേലരീതിയെക്കാൾ വിനയത്തിന്റെ ചുറ്റുപാടുകളാണ് നല്ലത്.

## എത്രപ്രാവിശ്യവും, എത്ര മാത്രവും കൊടുക്കേണം?

വചനം പറയുന്നത് ഒരു ക്രിസ്ത്യാനി "ഹൃദയത്തിൽ നിശ്ചയിച്ചത്" കൊടുക്കട്ടെ എന്നാണ് (2 കൊരി. 9: 7).

1 കൊരി. 16: 2-ൽ പറയുന്നത്, "ഓരോരുത്തൻ തനിക്ക് കഴിവുള്ളത് ശേഖരിച്ച് വയ്ക്കേണം എന്നാണ്. ഒരു ദൈവ പൈതൽ അവന്റെ ഉള്ളിൽ ആത്മാവ് പ്രേരിപ്പിക്കുന്നതുപോലെ എത്ര വേണമെങ്കിലും കൊടുക്കാവുന്നതാണ്. നാം നായപ്രമാണത്തിൻ കീഴിൽ ഉള്ളവർ അല്ലാത്തതിനാൽ ദശാംശം അല്ല മാതൃക. മറ്റെന്തിനെക്കാളും ദൈവത്തിന് കൊടുക്കുന്നതിന് മുൻഗണന കൊടുക്കേണം. അത്




നിശ്ചയത്തോടും, വിശ്വസ്തതയോടും മുടങ്ങാതെയും കൊടുക്കേണം. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവന് അവന്റെ വരുമാനം തുച്ഛമെങ്കിലും അത് ഹൃദയപൂർവ്വം കൊടുക്കേണണം. അതുപോലെ ധനവാനും തന്റെ സമൃദ്ധിയിൽ ഒരു പക്ഷേ 20%ന് മുകളിൽ ആയേക്കാം. അതും മനപൂർവ്വമായി കൊടുക്കേണ്ടതാണ്. "യെഹൂദയിൽ പാർക്കുന്ന സഹോദരന്മാർക്കായി ശിഷ്യന്മാരിൽ ഓരോരുത്തൻപ്രാപ്തിപോലെ കൊടുത്തയയ്പ്പാൻ നിശ്ചയിച്ചു" (അപ്പൊ. 11: 29).

## ആർക്ക് ദാനം കൊടുക്കേണം?

സഭകളിൽ കൂടി അല്ലാതേയും ദൈവവചനപ്രകാരം ദാനങ്ങൾ അർഹതപ്പെട്ടവർക്ക് കൊടുക്കാവുന്നതാണ്. പാവങ്ങൾക്ക് വിധവമാർക്ക് (1 തിമൊ. 5:16), അനാഥർക്ക് (യാക്കോബ് 1: 27), ദൈവവേലയ്ക്ക് പൊതുവായി.

യരുശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്ക് ഏതാനും ധർമ്മശേഖരം ചെയ്യുവാൻ മക്കെദോന്യയിലും അഖായയിലും ഉള്ളവർക്ക് ഇഷ്ടം തോന്നി (റോമർ 15: 25-26). യഹൂദ്യയിൽ പാർത്തിരുന്ന സഹോദരന്മാരുടെ ഉദവിക്കായി ഓരോരുത്തൻ പ്രാപ്തി പോലെ കൊടുത്തയച്ചു (അ.പ്ര.11:27-29) യാക്കോബ് അപ്പൊസ്തലൻ അനാഥരെയും നഗ്നരെയും സഹായിച്ചുകൊണ്ട് വിശ്വാസം പ്രവർത്തികളിൽ കാണിച്ചുകൊടുക്കുവാൻ പറയുന്നു (യാക്കോബ് 2:14-18). പാവപ്പെട്ടവരെ സഹായിക്കുന്നതിനുള്ള ഉത്തരവാദിത്വം ആരംഭിക്കുന്നത് വിശ്വാസമുള്ള കുടുംബങ്ങളിൽ നിന്നാണ്. (ഗലാത്യർ 6:9-10) മുട്ടുള്ളവന് ദാനം ചെയ്യുവാൻ ഉണ്ടാകേണ്ടതിന് കൈകൾ കൊണ്ട് നല്ലത് പ്രവർത്തിച്ച് അദ്ധ്വാനിക്കണം എന്ന് തിരുവചനം വ്യക്തമാക്കുന്നു (എഫേസ്യർ 4:28) പ്രാദേശിക ആരാധന സ്ഥലം പരിപാലിക്കുകയും അവിടുത്തെ ബില്ലുകൾ അടയ്ക്കുകയും ചെയ്യേണ്ടതു ഉത്തരവാദിത്വമാണ്.

പഴയനിയമത്തിൽ യിസ്രായേല്യരുടെ ദശാംശം പുരോഹിതന്മാരുടെയും ലേവ്യരുടെയും പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ആയിരുന്നു. പുതിയ നിയമത്തിൽ വിശുദ്ധന്മാർ പല സ്ഥലങ്ങളിലുള്ള ശുശ്രൂഷകളെ സാമ്പത്തികമായി സഹായിക്കുവാൻ ഉപദേശിക്കുന്നു. "സ്വന്ത ചെലവിന്മേൽ യുദ്ധസേവ ചെയ്യുന്നവൻ ആര്? മുന്തിരിത്തോട്ടം ഉണ്ടാക്കി അതിന്റെ ഫലം തിന്നാതിരിക്കുന്നവൻ ആര്? ആട്ടിൻകൂട്ടത്തെ മേയിച്ച് കൂട്ടത്തിന്റെ പാൽകൊണ്ട് ഉപജീവിക്കാതിരിക്കുന്നവൻ ആര്? ഞാൻ ഇതു മനുഷ്യരുടെ മര്യാദപ്രകാരമോ പറയുന്നത്? ന്യായപ്രമാണവും ഇങ്ങനെ പറയുന്നില്ലയോ? "മെതിക്കുന്ന കാളയ്ക്ക് മുഖക്കൊട്ട കെട്ടരുത്"... ഞങ്ങൾ ആത്മീകമായതു നിങ്ങൾക്കു വിതച്ചിട്ടു നിങ്ങളുടെ ഐഹികമായതു കൊയ്താൽ വലിയ കാര്യമോ? (1 കൊരിന്ത്യർ 9: 7-11). നിങ്ങൾ ദൈവവചനം പഠിക്കുമ്പോൾ പഠിപ്പിക്കുന്നവന് എല്ലാ നന്മയിലും ഓഹരി കൊടുക്കണം (ഗലാത്യർ 6:6). വേലക്കാരൻ പാസ്റ്ററോ, സുവിശേഷകനോ, മിഷനറിയോ ആരായാലും കൂലിക്ക് അർഹനാണ്. ദൈവരാജ്യത്തിൽ അദ്ധ്വാനിക്കുന്നവരെ മടികൂടാതെ സഹായിക്കുന്നതു വിശുദ്ധന്മാരുടെ ഉത്തരവാദിത്വമാണ്.

Printed matter only
**MALAYALAM EDITION**

നിങ്ങൾക്ക് അറിയാമോ?

## ദശാംശ മാനദണ്ഡം

"കർത്താവ് യിസ്രായേലിൽ ദശാംശം നല്കുന്നതിനുള്ള തത്വം കോലിൻ കീഴെ കടന്നുപോകുന്ന ആടുകളുടെ എണ്ണം എടുക്കുന്ന ഇടയന്റെ പ്രവർത്തിയോട് പരാമർശിച്ചിരിക്കുന്നു. (ലേവ്യ 27:32).

രാത്രിയിൽ ആട്ടിൻകൂട്ടത്തെ സൂക്ഷിക്കുവാൻ കൂട്ടി വരുത്തുമ്പോൾ ഇടയൻ ചായം പുരട്ടിയ ഒരു വടിയുമായി നില്ക്കും. ഓരോ പത്താമത്തെ ആടിനെയും അവൻ അടയാളപ്പെടുത്തും. ഇത് കൂട്ടത്തിൽ ഏതെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് അവനു വേഗത്തിൽ മനസ്സിലാക്കുവാൻ കഴിയും."
(Knight, George W, 2007, Bible Customs & Curiosities P.56)

തക്കസമയത്ത് പറഞ്ഞ വാക്ക്

## സുവിശേഷത്താൽ ഉപജീവിക്കണം

"ദൈവാലയ കർമ്മങ്ങൾ നടത്തുന്നവർ ദൈവാലയം കൊണ്ട് ഉപജീവിക്കുന്നു എന്നും യാഗപീഠത്തിങ്കൽ ശുശ്രൂഷ ചെയ്യുന്നവർ യാഗപീഠത്തിലെ വഴിപാടുകളിൽ ഓഹരിക്കാർ ആകുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ? അതുപോലെ കർത്താവും സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കണം എന്നു കല്പിച്ചിരിക്കുന്നു" - 1 കൊരിന്ത്യർ 9:13-14.



ശുശ്രൂഷകന്മാർ വ്യക്തിപരമായ ആവശ്യത്തിന് സഹായധനത്തിനുവേണ്ടി ഒരിക്കലും അഭ്യർത്ഥിക്കാതെ വിളിച്ച ദൈവത്തിൽ വിശ്വാസം അർപ്പിക്കണം. മലിനമായ ശമ്പളത്തിനുവേണ്ടി അദ്ധ്വാനിക്കാതെ ആത്മാക്കളുടെ രക്ഷയ്ക്കും പ്രബോധനത്തിനും വേണ്ടി അദ്ധ്വാനിക്കേണ്ടതാണ് പ്രധാനപ്പെട്ട കാര്യം.

സുവിശേഷ പ്രവർത്തകർ മനുഷ്യരെയല്ല, കർത്താവിനെ നോക്കുക, ഒരു ഉത്തരവാദിത്വം ദൈവജനത്തിനു കൊടുത്തിട്ടുണ്ട്. അപ്പൊസ്തലനായ പൗലൊസ്, കൊരിന്തിലെ സഭയെ ദൈവവേലയും അതിന്റെ ത്യാഗവുമാണ് ഓർമ്മപ്പെടുത്തുന്നത്. കഴിഞ്ഞ കാലങ്ങളിൽ യാഗപീഠത്തിലെ വഴിപാടുകളിൽ നിന്ന് പുരോഹിതന്മാർക്കു ഉപജീവനത്തിനുള്ള ഓഹരി ഉണ്ടായിരുന്നു. യാഗപീഠത്തിൽ ശുശ്രൂഷിച്ച് നിന്നിരുന്നതിനാൽ അവർ യാഗപീഠം കൊണ്ട് ഉപജീവിച്ചുപോന്നിരുന്നു. അതിനാൽ ഇന്നു വിശുദ്ധന്മാരുടെ ഇടയിലും അങ്ങനെ ആകണം. സുവിശേഷം അറിയിക്കുന്നവൻ സുവിശേഷത്താൽ ഉപജീവിക്കണം എന്ന് കർത്താവ് കല്പിച്ചിരിക്കുന്നു.

ശുശ്രൂഷയ്ക്കും സുവിശേഷീകരണത്തിനും ജീവനെ അപകടപ്പെടുത്തുവാൻ കർത്താവ് വിളിച്ച് അയയ്ക്കുന്നവരെ അവരുടെ വേലയിൽ സഹായിക്കുകയും സംരക്ഷിക്കുകയും വേണം. വിശ്വാസികൾ ഉത്തരവാദിത്വത്തോടെ ത്യാഗപൂർവ്വവും ഔദാര്യവുമായി സഹായിക്കുമ്പോൾ ശുശ്രൂഷ ദൈവീക കാര്യങ്ങളിൽ കേന്ദ്രീകരിക്കുവാനും ആത്മീക മുന്തിരിത്തോപ്പിൽ കൂടുതൽ ഫലപ്രദമായിരിക്കുവാനും കഴിയും.

- MWS


if Undelivered
Please return to:

**Contact:**
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.


Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**